# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്സ് എ ഇ.കെ എം (ബിപി)368/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 23/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയരക്റ്റർ ,സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) .എറണാകുളം
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്സ് എ ഇ.കെ എം (ബിപി)368/2022 തീയ്യതി: 23/06/2022

## എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ.ജി. | ജോയിന്റ് ഡയറക്ടർ | 22-02-2022 | 25-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-02-2022 | 25-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ് , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
റഷീദ് സി എം, അസി. ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ എം , സീനി.ഗ്രേഡ് ഓഡിറ്റർ
വൃന്ദ സി എസ്സ് , സീനി.ഗ്രേഡ് ഓഡിറ്റർ
നബീൽ മുഹമ്മദ് അബ്ബാസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നൂർജഹാൻ സക്കീർ | പ്രസിഡന്റ് | 01-04-2019 | 14-01-2020 |
| അൻവർ അലി | പ്രസിഡന്റ് | 15-01-2020 | 31-03-2020 |
| ടി വിജയകുമാർ | സെക്രട്ടറി | 01-04-2019 | 24-06-2019 |
| ഫ്ളാവിഷൽ ലാൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-06-2019 | 30-06-2019 |
| അലക്സാണ്ടർ ടി | സെക്രട്ടറി | 01-07-2019 | 06-01-2020 |
| ഫ്ളാവിഷൽ ലാൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-01-2020 | 12-01-2020 |
| പ്രസാദ് എസ് | സെക്രട്ടറി | 13-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിന്ധു വി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| പാർവ്വതി കൃഷ്ണപ്രസാദ് | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ;അനിത ഷേണായി | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| സി.അനില കുമാരി | മെഡിക്കൽ ഓഫീസർ | 01-04-2019 | 08-04-2019 |
| മോഹന ചന്ദ്രൻ എ . പി . | മെഡിക്കൽ ഓഫീസർ | 08-04-2019 | 31-03-2020 |
| സുധീഷ് ബോസ് | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| അന്നമ്മ വർഗീസ് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2019 | 14-07-2019 |
| സുജ ജേക്കബ് | ശിശു വികസന പദ്ധതി ഓഫീസർ | 29-07-2019 | 31-03-2021 |
| ജലജ | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2019 | 31-03-2020 |
| പി യു ശിവപ്രസാദ് | അസി എസിക്യൂട്ടീവ് എൻജിനീയർ | 01-04-2019 | 14-12-2019 |
| സി വി ഷൈനി | അസി എസിക്യൂട്ടീവ് എൻജിനീയർ | 15-12-2019 | 31-03-2020 |
| ഷിഹാബുദ്ദീൻ | അസി .എൻജിനീയർ | 01-04-2019 | 31-03-2020 |
| സിമ്മി ജോർജ്ജ് | കൃഷി അസി.ഡയറക്ടർ | 01-04-2019 | 17-10-2019 |

| | | | |
|---|---|---|---|
| ലത ഇ വി | കൃഷി അസി. ഡയറക്ടർ | 18-10-2019 | 05-01-2020 |
| ഫാൻസി പരമേശ്വരൻ | കൃഷി അസി. ഡയറക്ടർ | 06-01-2020 | 31-03-2020 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 13-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 13-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 13-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 23-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 13-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 13-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 13-06-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 13-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 13-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 13-06-2022) | 1-10 |
| 11 | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി . വെങ്ങോല നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിലെ അപാകതകൾ<br>Written By: Vrinda C S (Senior Grade Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 23-06-2022) | 1-11 |
| 12 | പാലിയേറ്റീവ് കെയർ പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: Vrinda C S (Senior Grade Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 23-06-2022) | 1-12 |
| 13 | വനിതാ ജീവിത ശൈലി രോഗ നിർണ്ണയ ക്യാമ്പ് നടത്തിപ്പ് -മുഴുവൻ രേഖകളും ഹാജരാക്കിയില്ല<br>Written By: Vrinda C S (Senior Grade Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 23-06-2022) | 1-13 |
| 14 | മെറിറ്റോറിയസ് ആയ പട്ടികജാതി വിദ്യാർഥികൾക്ക് ധന സഹായം-ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ അവ്യക്തത<br>Written By: Nabeel Muhammad Abbas (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 23-06-2022) | 1-14 |
| 15 | അങ്കണവാടി നിർമ്മാണം: പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Saly Joseph (Audit Officer (HG), On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 23-06-2022) | 1-15 |

| | | |
|---|---|---|
| 16 | ലൈഫ്/പി.എം.എ.വൈ.ഭവനനിർമ്മാണം - ഫയൽ ഹാജരാക്കിയില്ല<br>Written By: Saly Joseph (Audit Officer (HG), On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 13-06-2022) | 1-16 |
| 17 | ലൈഫ്/പി.എം.എ.വൈ. ഭവനനിർമ്മാണം - ഗ്രാമപഞ്ചായത്ത് വിഹിതം : അപാകതകൾ<br>Written By: Saly Joseph (Audit Officer (HG), On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 23-06-2022) | 1-17 |
| 18 | കെൽട്രോണിന് തുക നൽകിയെങ്കിലും പ്രിന്റർ ലഭിച്ചില്ല<br>Written By: Nabeel Muhammad Abbas (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 23-06-2022) | 1-18 |
| 19 | തോട് പുനരുദ്ധാരണം - പാതി വഴിയിൽ ഉപേക്ഷിച്ചു.<br>Written By: C.M.Rasheed (Asst. Audit Officer, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 13-06-2022) | 1-19 |
| 20 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കൽ - നടപടി ക്രമം പൂർണ്ണമല്ല.<br>Written By: C.M.Rasheed (Asst. Audit Officer, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 13-06-2022) | 1-20 |
| 21 | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ നടപ്പിലാക്കിയ പകൽ വീട് പദ്ധതി - അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 1-21 |
| 22 | SCകോളനി കുടിവെള്ള പദ്ധതി - ഫണ്ട് വിനിയോഗത്തിൽ അവ്യക്തത<br>Written By: Saly Joseph (Audit Officer (HG), On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 1-22 |
| 23 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 23-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Saly Joseph (Audit Officer (HG), On 22-02-2022) | 4-7 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 14-06-2022) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 14-06-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Saly Joseph (Audit Officer (HG), On 22-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 23-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saly Joseph (Audit Officer (HG), On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 23-06-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

14.2.2019 തീയതിയിലെ (1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും യഥാർത്ഥ വരവ്-ചെലവും തമ്മിൽ ഭീമമായ അന്തരമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് | 25,73,33,000 | 25,70,08,350 |
| വാർഷിക ധനകാര്യപത്രിക പ്രകാരം | 5,11,34,860 | 4,87,86,752 |
| വ്യത്യാസം | 20,61,98,140 | 20,82,21,598 |

ബജറ്റ് യാഥാർത്ഥ്യബോധത്തോടെ യഥാർത്ഥ വരവ്-ചെലവുകളുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 27.05.2020 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11039706 |
| വരവ് | 51134860 |
| ആകെ | 62174566 |
| ചെലവ് | 48786752 |
| നീക്കിയിരിപ്പ് | 13387814 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 43192000 | 43192000 | 27729098 | - | 15462902 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 17308000 | 17308000 | 11151974 | - | 6156026 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 880000 | 880000 | 849493 | - | 30507 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 1124857 | 5649900 | 6774757 | 4828174 | - | 1946583 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) ഹോംസ്റ്റെഡ് - എസ്.ബി.ഐ) | 105991 | | 105991 | | 105991 | |
| എം.കെ.എസ്.പി | 48 | | 48 | | 48 | |
| ഐ.എ.വൈ. | 3659720 | 520725 | 4180445 | | 4180445 | |
| പി.എം.എ.വൈ. | 2480583 | 77741 (പലിശ) | 2558324 | 168000 | 2390324 | |
| ഐ.എ.വൈ.ലോൺ | 25600 | | 25600 | | 25600 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 4493000 | 4493000 | 4493000 | | |

.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | കിയത് (എണ്ണം) | | ക്കുകളുടെ ശതമാനം |
| 151 | 8402422 | 85 | 44564739 | 33 | 33 | 56.29 |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് – ഭരണപരമായ ചെലവുകൾക്കായി തുക ഒന്നും ചെലവഴിച്ചിട്ടില്ല. ഇതിനായി 13071/-രൂപ മുന്നിരുപ്പുണ്ടായിരുന്നത് ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

25.04.2022 ൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തിയ ക്യാഷ് പരിശോധനയിൽ ക്യാഷ് ബാലൻസ് ഒന്നും ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഡേ ബുക്ക് എല്ലാദിവസവും പ്രിന്റെടുത്ത് ആധികാരികമാക്കി സൂക്ഷിയ്ക്കുന്നില്ല.
2. കണ്ടിജന്റ് ചെലവ് സംബന്ധമായ വൗച്ചറുകൾ കൃത്യമായി പരിപാലിക്കുന്നുണ്ടെങ്കിലും കണ്ടിജന്റ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല.
3. ആസ്തി രജിസ്റ്ററിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് മരാമത്ത് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.
4. വാടക സംബന്ധിച്ച രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.1.21-21.1.2021 | 2019-20 | 23.6.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.03.2014 മുതൽ 17.03.2014 വരെ | 2009-10 മുതൽ 2012-13 വരെ | 16.05.2014 |

## 1-11 മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി . വെങ്ങോല നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

2019- 20 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെങ്ങോല നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ താഴെ ചേർക്കുന്നു

1)

| | |
|---|---|
| പ്രോജക്ട് നം/പേര് | 7/19-20;സെക്കണ്ടറി പാലിയേറ്റീവ് കെയർ |
| അടങ്കൽ തുക/ഫണ്ട് | 4,00,000/-വികസനഫണ്ട് |
| ചെലവ് | 3,99,450/- |
| ബിൽ നം/തീയതി ; തുക | 1) 31/19-20/തീ.16.03.2020 ; 399450/-രൂപ |

മേൽ പ്രോജക്ട് പ്രകാരം പാലിയേറ്റീവ് കെയർ വാഹനം ഓടിക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരമുള്ള ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.ഷാഹുൽ ഹമീദ് എന്ന വ്യക്തിയുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ദിവസം 40 കി.മീ. വരെയുള്ള ദൂരത്തിന് 1000/- രൂപയും തുടർന്ന് വരുന്ന ഓരോ കി.മീ. നം 8/- രൂപ വീതം നിരക്കിലുമാണ് കരാറിൽ ഏർപ്പെട്ടത് (06.05.2019 മുതൽ 31.03.2020 വരെ). ടി സാമ്പത്തിക വർഷം ആകെ 1,73,672/- രൂപ ടിയാന് വാഹനവാടക ഇനത്തിൽ നൽകിയിട്ടുണ്ട്. ആദായ നികുതി നിയമത്തിലെ വകുപ്പ് 194 C പ്രകാരം ടി തുകയുടെ 1% തുക (1737) ടി.ഡി.എസ്. ആയി നിർവ്വഹണോദ്യോഗസ്ഥ ഈടാക്കി അടക്കേണ്ടതാണ്. എന്നാൽ ടി തുക ഈടാക്കിയിട്ടില്ല. നികുതി ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ട് നം/പേര് | 10/*19-20*/സി.എച്ച്.സി. കളുടെ ദൈനംദിന ചെലവുകൾ |
| അടങ്കൽ തുക/ഫണ്ട് | 2,30,000/ സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| ആകെ ചെലവ് | 2,29,646/- |
| ബിൽ നം.തുക/തിയതി | 21/19-20, 37,668/- രൂ;തീ:10.02.2020 |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെങ്ങോല |

മേൽ ബിൽ നമ്പർ പ്രകാരം ( വൗച്ചർ നമ്പർ 71/19-20 ) Vehicle Hire Charge ഇനത്തിൽ 500 രൂപ പാസ്സാക്കി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വെങ്ങോലയുടെ Union Bank ലുള്ള അക്കൗണ്ട് നം.378802010007216 ലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി വൗച്ചർ പരിശോധിച്ചതിൽ United Fuels എന്ന സ്ഥാപനത്തിൽ നിന്നും 4.31 ലിറ്റർ ഡീസൽ അടിച്ചതിന് 300 രൂപ യുടെ ബില്ലാണ് നൽകി കാണുന്നത്. (ബിൽ നമ്പർ – 1895/20.12.2019). 200/- രൂപ അധികമായി നൽകിയ നടപടി ശരിയല്ല. സബ് വൗച്ചർ പ്രകാരമുള്ള തുകകൾ തന്നെയാണ് അനുവദിക്കുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

3)

| | |
|---|---|
| പ്രോജക്ട് നം/പേര് | 9/19-20/മരുന്ന് വാങ്ങൽ |
| അടങ്കൽ തുക/ഫണ്ട് | 3,03,100 രൂപ/സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| ചെലവ് | 2,00,000/- |
| ബിൽ നം/തിയതി | 11/19-20 ; 06.11.2019 |

മരുന്ന് ലഭ്യമാക്കുന്നതിനായി ബിൽ പ്രകാരം 2 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 06.11.2019 ൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ഇതിൽ 1,99,147 രൂപയുടെ മരുന്നുകൾ കാരുണ്യ വഴി ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ് ഫയലിൽ ലഭ്യമാണ്. വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|
| 8844 / 22.11.2019 | 40257 |
| 9543/ 03.01.2020 | 24099 |
| 179/ 07.04.2020 | 48380 |
| 68 / 07.04.2020 | 19100 |
| 866 / 10.06.2020 | 18805 |
| 1923 / 05.11.2020 | 5200 |
| 36663/ 20.02.2021 | 2657 |
| 2665 / 22.06.2021 | 24469 |
| 5187 / 14.08.2021 | 3419 |
| 10033 / 13.12.2021 | 12761 |
| ആകെ | 199147 |

എന്നാൽ ലഭ്യമായ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ബാക്കി ലഭിക്കാനുള്ള 853 രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ തുടർന്നുള്ള പർച്ചേസുകളിൽ ഇവ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. 853/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

4)

| | |
|---|---|
| പ്രോജക്ട് നം/പേര് | 142/19-20; സി.എച്ച്.സി.വെങ്ങോല,<br>ഫാർമസിസ്റ്റിനെ നിയമിക്കൽ |
| അടങ്കൽ തുക/ഫണ്ട് | 1,75,000/- ,വികസനഫണ്ട് |
| ആകെ ചെലവ് | 1,73,250/- |
| ബിൽ നം./തീയതി -തുക | 1) 5/19-20 ; 16.08.2019 – 13500/-<br>2) 8/19-20 ; 26.09.2019 – 20250/-<br>3) 10/19-20 ; 11.10.2019 – 19500/-<br>4)12/19-20 ; 06.11.2019 – 20250/-<br>5) 14/19-20 ; 06.12.2019 – 19500/-<br>6) 18/19-20 ; 06.01.2020 – 20250/-<br>7)23 /19-20 ; 13.02.2020 – 20250/-<br>8) 26/19-20 ; 05.03.2020 – 19500/-<br>9)32/19-20 ; 31.03.2020 – 20250/- |

സി.എച്ച്.സി. യിൽ കരാറടിസ്ഥാനത്തിൽ ഫാർമസിസ്റ്റിനെ നിയമിച്ച് 2019 മെയ് മുതൽ 31.03.2020 വരെ പ്രതി ദിനം 750/- രൂപ നിരക്കിൽ ദിവസവേതനം നൽകിയിട്ടുണ്ട്. ഇപ്രകാരം നിയമിച്ച ശ്രീ.സിബിൻ ബെന്നി എന്ന ഫാർമസിസ്റ്റിന്റെ 2019 ഒക്ടോബർ മുതൽ 2020 മാർച്ച് വരെയുള്ള മാസങ്ങളിലെ അറ്റൻഡൻസ് രജിസ്റ്റർ ഫയലിൽ

ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഹാജരാക്കിയ 2019 മെയ് മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിലെ അറ്റൻഡൻസ് രജിസ്റ്ററിൽ ഒന്നും തന്നെ മെഡിക്കൽ ഓഫീസർ പരിശോധിച്ച് കൗണ്ടർ സൈൻ ചെയ്തതായും കാണുന്നില്ല. 2019 സെപ്റ്റംബർ മാസത്തെ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 22½ ദിവസം മാത്രമേ ഹാജരുള്ളതായി കാണുന്നുള്ളൂ. എന്നാൽ 26 ദിവസത്തെ തുക 19500/- രൂപ ബിൽ നം.10/19-20: 11.10.2019 പ്രകാരം നൽകി കാണുന്നു. അറ്റൻഡൻസ് രജിസ്റ്റർ ഹാജരാക്കുന്നതു വരെ അധികം നൽകിയ തുക (4x750) 3000/-രൂപ തടസ്സപ്പെടുത്തുന്നു.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 23.02.2022 ൽ നൽകിയ എൻക്വയറി നമ്പർ 1 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ന്യൂനതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 പാലിയേറ്റീവ് കെയർ പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

I)

| | |
|---|---|
| പ്രോജക്ടിന്റെ നം/പേര് | 19/19-20 (New)- സെക്കണ്ടറി പാലിയേറ്റീവ് കെയർ (സി.എച്ച്.സി.മലയിടംതുരുത്ത്) |
| അടങ്കൽ തുക | 3,90,000/- (വികസന ഫണ്ട് ജനറൽ) |
| ആകെ ചെലവ് | 3,37,089/- |
| ട്രഷറി ബിൽ ബുക്ക് നം./തിയതി - തുക | 1) 03/19-20/ 18.06.2019 – 78904 /-<br>2) 05/19-20 / 16.07.2019 – 19,580 /-<br>3)08 /19-20 / 16.08.2019 – 76233 /-<br>4)09/19-20/26.09.2019 – 23740 /-<br>5)10/19-20/ 22.10.2019 – 22310 /-<br>6)11/19-20/20.11.2019 – 25522 /-<br>7) 12/19-20/16.12.2019 – 25960/-<br>8)13/19-20/24.02.2020 – 46200 /-<br>9) 14/19-20/ 30.03.2020 – 18640 /- |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി , മലയിടംതുരുത്ത് |

1) 2019-20 സാമ്പത്തികവർഷം പാലിയേറ്റീവ് കെയറിനായി ക്വട്ടേഷൻ മുഖേന കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.സച്ചു സജ്ജ, കരിയപ്പുറം, ഇരിങ്ങോൾ എന്ന വ്യക്തിക്ക് 01.04.2019 മുതൽ 31.03.2020 വരെയുള്ള കാലയളവിലേയ്ക്ക് കരാർ നൽകിയിട്ടുള്ളതുമാണ്.

A) ജി.ഒ.(ആർ.ടി)3217/2015/തസ്വഭവ. തീയതി 29.10.2015 പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ ഖ.26.5 പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ വാഹനത്തിന് നൽകാവുന്ന പരമാവധി ദിവസ വാടക താഴെ കൊടുക്കുന്നു.

| ഓടുന്ന ദൂരം (Up And Down) | 15-24 കി.മീ | 25-34 കി.മീ | 35-44 കി.മീ | 45കി.മീ.-ൽ കൂടുതൽ |
|---|---|---|---|---|
| പരമാവധി തുക | 800 രൂപ | 900 രൂപ | 1000 രൂപ | 1100 രൂപ |

എന്നാൽ 1300 രൂപ ദിവസ വാടക ആണ് ടിയാൻ ക്വോട്ട് ചെയ്തിട്ടുള്ളത്. 2019-20 ൽ ആകെ 163 ദിവസം വാഹനം ഓടിയതിന് ദിവസേന 1300 രൂപ വീതം ആകെ 211900 രൂപ നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി കൂടിയ തുകയ്ക്ക് ക്വട്ടേഷൻ അംഗീകരിച്ചതിന്റെ കാരണം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. വാഴക്കുളം പഞ്ചായത്തിന്റെ ഏരിയയിൽ സെക്കണ്ടറി പാലിയേറ്റീവ് പോകുന്ന ഭാഗങ്ങളിലെ റോഡുകൾ ടി കാലയളവിൽ വളരെ മോശമായ അവസ്ഥയിൽ ആയിരുന്നതിനാലാണ് സർക്കാർ റേറ്റിൽ ക്വട്ടേഷൻ ക്ഷണിച്ചിട്ടും ആരും വരാതിരുന്നത്. ടി റേറ്റിൽ വാഹനം ഓടിക്കാൻ പറ്റില്ലായെന്നാണ് നെഗോഷിയേറ്റ് ചെയ്യുന്നതിന് വിളിച്ചപ്പോഴും വാഹന ഉടമകൾ അറിയിച്ചത്. ആയതിനാലാണ് ടി ക്വട്ടേഷനുകളിലെ കുറഞ്ഞ നിരക്കായ 1300 രൂപയ്ക്ക് വാഹനം വാടകക്ക് എടുക്കേണ്ടി വന്നതെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പാലിയേറ്റീവ് കെയറിനായി സൗജന്യമായി വാഹനം ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തേടാവുന്നതാണ്.

2) 2019-20 സാമ്പത്തികവർഷം വാഹന വാടക ഇനത്തിൽ ഡ്രൈവർ ശ്രീ.സച്ചു സജ്ജ എന്ന വ്യക്തിക്ക് ആകെ 2,11,900 രൂപ നൽകിയിട്ടുണ്ട്.ആദായ നികുതി നിയമത്തിലെ വകുപ്പ് 194 C പ്രകാരം ടി തുകയുടെ 1% തുക (2119 രൂപ) ടി.ഡി.എസ് ആയി നിർവ്വഹണോദ്യോഗസ്ഥ ഈടാക്കി അടക്കേണ്ടതാണ്. ഇപ്രകാരം ടിയാന്റെ ദിവസ വേതനത്തിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല. മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ ആദായ നികുതി ഈടാക്കണമെന്ന് അറിയില്ലായിരുന്നു എന്നും ടി തുക അടച്ചു കൊള്ളാമെന്ന് ശ്രീ.സച്ചു സജ്ജ അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട് . തുക ഈടാക്കി ഒടുക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)ടിയാനുമായി 01.04.2019 ൽ ചമച്ച കരാർ ഉടമ്പടി യിൽ "ഗവൺമെന്റ് ഉത്തരവ് പ്രകാരം ഒരു മാസം മുഴുവൻ വാഹനം ഉപയോഗിക്കേണ്ടതായി വന്നാൽ മാസവാടകയായ 30,000 രൂപ നിരക്കിലും, അല്ലാത്ത പക്ഷം ഉപയോഗിക്കുന്ന ദിവസങ്ങളിൽ കിലോമീറ്റർ നിരക്കിലും വാഹനം ലഭ്യമാക്കുന്നതാണ് "എന്നാണ് എഴുതി ചേർത്തിരിക്കുന്നത്. 1300 രൂപ ദിവസ വാടക എന്നത് കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്താതെ കരാർ ചമക്കുന്നത് ശരിയായ നടപടിയല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വനിതാ ജീവിത ശൈലി രോഗ നിർണ്ണയ ക്യാമ്പ് നടത്തിപ്പ് -മുഴുവൻ രേഖകളും ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം/പേര് | 127 (സ്പിൽ ഓവർ)/വനിതാ ജീവിത ശൈലി രോഗ നിർണ്ണയ ക്യാമ്പ് |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, മലയിടംതുരുത്ത് |
| അടങ്കൽ | 17,845 ( വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 17,578 |
| ട്രഷറി ബിൽ നം/തിയതി | BP Plan 01/19-20/ 18.06.2019 |

1) മേൽ പ്രോജക്ടിനായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 06.03.2019 | 14.03.2019 | 22.03.2019 |
| എടത്തല പി.എച്ച്.സി | കീഴ്മാട് പി.എച്ച്.സി | കീഴ്മാട് പി.എച്ച്.സി |
| 1) ഹാൾ ഒരുക്കിയതിന് - 250 രൂപ (സുധ.കെ.വി)<br>2) ഫുഡ് - 2125 രൂപ (ശ്രീകല സന്തോഷ്)<br>3)വാഹന വാടക - 260 രൂപ ( സിദ്ധിഖ് മുരിങ്ങാശ്ശേരി) | 1) ഹാൾ ഒരുക്കിയതിന്- 250 രൂപ (ഉണ്ണികൃഷ്ണൻ)<br>2) വാഹന വാടക -859 രൂപ (തോമസ്.പി.പി)<br>3) ഫുഡ്- 1893 രൂപ (റസാക്ക്.എം.എച്ച്) | 1)ലാബ് ടെക്നീഷ്യൻ -500 രൂപ (ഗംഗാമ്മ.കെ.ജി)<br>2) രക്ത പരിശോധന - 11450 രൂപ ( മെഡിക്കൽ ഓഫീസർ ) |

2019- 20 ൽ വിവിധ കേന്ദ്രങ്ങളിലായി വനിതാ ജീവിത ശൈലി രോഗ നിർണ്ണയ ക്യാമ്പ് നടത്തിയതിൽ താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ 22.03.2019 ൽ കീഴ്മാട് പി.എച്ച്.സി യിൽ 30 വയസ്സിനു മുകളിലുള്ള 103 സ്ത്രീകളുടെ രക്ത പരിശോധന നടത്തി കൊളസ്ട്രോൾ തരംതിരിച്ച് നോക്കിയതിന് ഒരാൾക്ക് 150 രൂപ വെച്ച് 103 പേർക്ക് 15450 രൂപ ആയതിന്റെ വൗച്ചർ ലാബ് ടെക്നീഷ്യൻ ഗംഗാമ്മ.കെ.ജി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ടി 103 പേർ പരിപാടിയിൽ രജിസ്റ്റർ ചെയ്തതിന്റെയോ പങ്കെടുത്തതിന്റെയോ രേഖകളോ രക്ത പരിശോധനാ റിപ്പോർട്ടോ ഫയലിൽ ലഭ്യമല്ല. മേൽ 15,450 രൂപയുടെ ബില്ലിൽ നിന്ന് RCC Refund എന്ന ഇനത്തിൽ 4000 രൂപ കിഴിച്ച് 11,450 രൂപ പാസ്സാക്കി മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് നൽകിയതായി കാണുന്നു. കഴിഞ്ഞ വർഷം (2018-19 ൽ) മേൽ പ്രോജക്ട് (നം.89/18-19) സ്ത്രീകൾക്കുള്ള ക്യാൻസർ പരിശോധനാ ക്യാമ്പ് ആയി നടത്തിയതാണ്. റീജിയണൽ ക്യാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ടി പ്രോജക്ടിൽ 6 ക്യാമ്പുകൾ നടത്തുന്നതിനായി ക്യാമ്പൊന്നിന് 2000 രൂപ നിരക്കിൽ 12,000 രൂപ RCC ക്ക് രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഒടുക്കിയെങ്കിലും 4 ക്യാമ്പുകൾ മാത്രമാണ് നടത്താൻ സാധിച്ചതെന്നും നടത്താത്ത 2 ക്യാമ്പുകളുടെ രജിസ്ട്രേഷൻ ഫീസ് ആയ 4000 രൂപ RCC , കല്ലൂരിൽ നിന്ന് മടക്കി ലഭിക്കുന്നതിനും കത്ത് നൽകിയതായി കാണുന്നു. ടി തുക (4000) സി.എച്ച്.സി യുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തിരികെ ലഭ്യമായിട്ടുണ്ട് എന്ന് ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള (നം.12/24.02.2022) മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ആയതിന്റെ ബാങ്ക് പാസ്ബുക്ക് ഹാജരാക്കേണ്ടതാണ്.

2) കോളം 1,2 എന്നിവ പ്രകാരം 06.03.2019, 14.03.2019 എന്നീ തിയതികളിൽ എടത്തല, കീഴ്മാട് എന്നീ പി.എച്ച്.സി കളിൽ നടത്തിയ ക്യാമ്പിന്റെ വൗച്ചറുകളും ബില്ലുകളും ഹാജരാക്കിയിട്ടുണ്ടെങ്കിലും ക്യാമ്പ് നടന്നതിന്റെയോ, പരിപാടിയിൽ പങ്കെടുത്ത ആളുകളുടെ വിവരങ്ങളോ, രജിസ്ട്രേഷൻ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ക്യാമ്പിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചോ എന്ന് ഇതിനാൽ വ്യക്തമല്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല. ടി ക്യാമ്പുകൾ നടത്തിയതിന്റെ രേഖകൾ ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രോഗ നിർണ്ണയ ക്യാമ്പുകൾ നടപ്പിലാക്കുമ്പോൾ പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ വിവരങ്ങളും പ്രവർത്തന റിപ്പോർട്ടുകളും ഫയലിൽ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-14 മെറിറ്റോറിയസ് ആയ പട്ടികജാതി വിദ്യാർഥികൾക്ക് ധന സഹായം- ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിൽ അവ്യക്തത

| | |
|---|---|
| പ്രോജക്ട് | മെറിറ്റോറിയസ് ആയ പട്ടികജാതി വിദ്യാർഥികൾക്ക് ധന സഹായം |
| പ്രോജക്ട് നം | S0011/20 |
| നിർവ്വഹണം | പട്ടികജാതി വികസനഓഫീസർ |

| | |
|---|---|
| അടങ്കൽ | 9,11,494/- (9,11,494 /- എസ് സി പി) |
| ചെലവ് | 9,10,000 /- ( എസ് സി പി) |
| ബിൽ നം : | 87/14-10-2019:-8,30,000/- രൂപ .<br>94/22-10-2019:-80,000/- രൂപ . |

യോഗ്യരായ പട്ടികജാതി വിദ്യാർഥികളെ പഠനത്തിൽ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന മേൽ പദ്ധതി പ്രകാരം 40 വിദ്യാർഥികൾക്കാണ് 2019-20 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ധനസഹായം നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1.വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന ചൂർണിക്കര, എടത്തല, കിഴക്കമ്പലം, കീഴ്മാട്, വാഴക്കുളം, വെങ്ങോല എന്നീ 6 ഗ്രാമപഞ്ചായത്തുകളിലേക്ക് പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് നൽകിയ 04.06.2019 കത്ത് പ്രകാരം പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ മറുപടികളിൽ വെങ്ങോല, വാഴക്കുളം എന്നീ ഗ്രാമ പഞ്ചായത്ത് ഒഴികെയുള്ള മറ്റ് പഞ്ചായത്തുകളിൽ മേൽ പദ്ധതിക്കായി ഗുണഭോക്തൃ ലിസ്റ്റ് നിലവിൽ ഇല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. വാഴക്കുളം ഗ്രാമ പഞ്ചായത്തിൽ നിന്നും 8 പേരും വെങ്ങോല ഗ്രാമ പഞ്ചായത്തിൽ നിന്നും 61 പേരും അടങ്ങുന്ന ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വെങ്ങോല ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ 61 പേർ ഉള്ളതിൽ ആകെ 2 പേരാണ് മേൽ പദ്ധതിക്കായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ആയതിന്റെ കാരണം വിശദീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് 24.02.2022 -ൽ നൽകിയ 13-ാം നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി ഗുണഭോക്തൃ ലിസ്റ്റിലുള്ള 61 പേരിൽ ആകെ രണ്ടുപേരാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നാണ്.

2. മേൽ പദ്ധതിക്കായി 6 പഞ്ചായത്തുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 40 പേർ അടങ്ങുന്ന ഗുണഭോക്തൃലിസ്റ്റിൽ വെങ്ങോല ഗ്രാമ പഞ്ചായത്തിൽ നിന്നും വാഴക്കുളം ഗ്രാമ പഞ്ചായത്തിൽ നിന്നും 10 പേർ ഒഴികെയുള്ള 30 പേരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത് പത്രപ്പരസ്യം മുഖാന്തിരം ആണ്. മേൽ തിരഞ്ഞെടുക്കപ്പെട്ട ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ടോ എന്നതിന്റെ രേഖകൾ ലഭ്യമല്ല. ആയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 24.02.2022 -ൽ നൽകിയ 13-ാം നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി അതാത് പഞ്ചായത്ത് കമ്മിറ്റികളും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റികളും സാധൂകരിച്ച് നൽകിയിട്ടുണ്ട് എന്നതാണ്.

3. മേൽ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് പത്രകുറിപ്പ് മുഖേന ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായി ഫയലിൽ കാണുന്നു. ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ മുഖേന ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതാണെന്ന് G.O. (P) 220/97/ത.ഭ.വ. 2-10-97, G.O.(P)181/98/ത.സ്വ.ഭ.വ. 2.9.1998 എന്നിവ പ്രകാരം നിഷ്കർഷിക്കപ്പെട്ടിട്ടുള്ളതാണ്. ഗ്രാമസഭ വഴി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ ഉൾപ്പെട്ട ലിസ്റ്റ് ആണ് പഞ്ചായത്തുകൾ ബ്ലോക്കിന് സമർപ്പിക്കേണ്ടത്. പഞ്ചായത്തുകളിൽ നിന്ന് ഗ്രാമസഭാ ലിസ്റ്റ് ലഭ്യമാക്കാതെ പത്രകുറിപ്പ് നൽകി ഗുണഭോക്താക്കളെ നിശ്ചയിച്ച് ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 24.02.2022 -ൽ നൽകിയ 13-ാം നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് യഥാസമയം ലിസ്റ്റ് ലഭ്യമാകാതെ വന്ന സാഹചര്യത്തിലാണ് പത്രക്കുറിപ്പ് മുഖാന്തിരം ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് എന്ന് അറിയിച്ചു.

4.കീഴ്മാട് പഞ്ചായത്തിന്റെ പത്രപ്പരസ്യം മുഖേനയുള്ള ഗുണഭോക്തൃലിസ്റ്റിൽ മേൽ പദ്ധതിക്കായി തിരഞ്ഞെടുത്ത് തുക നൽകിയ 13 വിദ്യാർഥികളുടെ പേരടങ്ങുന്ന ലിസ്റ്റ് അംഗീകാരത്തിനായി അടുത്ത വർഷത്തെ ഗ്രാമസഭയിൽ സാധൂകരണം വാങ്ങുന്നതിനു 23.12.2019 തിയതിയിലെ സാധാരണ കമ്മറ്റിയിലെ 1(2)-ാം നമ്പർ തീരുമാനം ഉള്ളതായി രേഖകൾ കാണുന്നു. ആയതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമല്ല, കൂടാതെ കമ്മറ്റി തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ രേഖകൾ സൂക്ഷിച്ചിട്ടില്ല. ഭാവിയിൽ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചു.

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ പദ്ധതി മാർഗരേഖാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

## 1-15 അങ്കണവാടി നിർമ്മാണം: പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ചുവടെ ചേർക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് അങ്കണവാടി നിർമ്മാണത്തിനായി നൽകിയ തുകയ്ക്കുള്ള പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

1) പ്രോജക്ടിന്റെ പേര് : അങ്കണവാടി നിർമ്മാണം

(കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത് വാർഡ് 1)

പ്രോജക്ട് നം ,വർഷം : 157/2019-2020

അടങ്കൽ തുക : 500000/- വികസന ഫണ്ട്

ചെലവ് തുക : 500000/- വികസനഫണ്ട്

ബിൽ നം തുക : (1) 106/8.112019, തുക 500000/- വികസന ഫണ്ട്

2)പ്രോജക്ടിന്റെ പേര് : അങ്കണവാടി നിർമ്മാണം

(എടത്തല ഗ്രാമ പഞ്ചായത്ത് വാർഡ് 17)

പ്രോജക്ട് നം ,വർഷം : 161/2019-2020

അടങ്കൽ തുക : 611560/- വികസനഫണ്ട്

ചെലവ് തുക : 611560/- വികസനഫണ്ട്

ബിൽ നം തുക : (1) 42/7.8.2019, തുക 611560/- വികസനഫണ്ട്

എന്നാൽ അങ്കണവാടി നിർമ്മാണ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ഇത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.2/23.02.2022) നല്കിയ മറുപടിയിൽ കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിൽ പ്രവൃത്തി നടപ്പാക്കിയിട്ടില്ലാത്തതായി അറിയിച്ചു. എടത്തല ഗ്രാമ പഞ്ചായത്തിൽ നിന്നും പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കുമ്പോൾ ഹാജരാക്കുന്നതായും അറിയിച്ചു. ആയതിനാൽ പ്രവൃത്തി പൂർത്തികരണ സാക്ഷ്യപത്രം ലഭിക്കുന്നതു വരെ 11,11,560/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി നടപ്പാക്കുന്നില്ലെങ്കിൽ ടി തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ലൈഫ്/പി.എം.എ.വൈ.ഭവനനിർമ്മാണം - ഫയൽ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പ്രോജക്ട് നം./വർഷം : 3/19-20
അടങ്കൽ തുക : 87 ലക്ഷം
ചെലവ് തുക : 8699348/-
(85,87,348/-ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ വിഹിതം + 1,12,000/- നേരിട്ട് ചെലവഴിച്ചത്)

ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തിയ ലൈഫ്/പി.എം.എ.വൈ. ഭവനനിർമ്മാണം ഗുണഭോക്താവിന് തുക നൽകിയത് സംബന്ധിച്ച ഫയൽ, അപേക്ഷ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | തുക | ബിൽ നം., തീയതി |
|---|---|---|
| നസീമ റ്റി.കെ. | 112000/- | 117/29.11.2019 |

ഫയൽ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.15/24.02.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക രൂപ.1,12,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 ലൈഫ്/പി.എം.എ.വൈ. ഭവനനിർമ്മാണം - ഗ്രാമപഞ്ചായത്ത് വിഹിതം : അപാകതകൾ

LIFE/PMAY ഭവനനിർമ്മാണം - ഗ്രാമപഞ്ചായത്ത് വിഹിതം നല്കിയതിന്റെ വിവരങ്ങൾ (സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ) ചുവടെ ചേർക്കുന്നു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല, കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2019-20 വർഷം തുക നല്കിയതായി രേഖകൾ ഹാജരാക്കിയില്ല. എന്നാൽ 2019-20 വർഷം 5,00,000 രൂ. പഞ്ചായത്തിന് ലഭിച്ചതായി 2019-2020 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1)പ്രോജക്ട് നം ,വർഷം : 3/2019-2020

അടങ്കൽ തുക : 8700000/- വികസനഫണ്ട്

ചെലവ് തുക : 8699348/- വികസനഫണ്ട്

| ഗ്രാമപഞ്ചായത്ത് | തുക നല്കിയത് | 2019-2020 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ച തുക | വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം |
|---|---|---|---|
| ചൂർണ്ണിക്കര | 1664555 | 1664555 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല |
| എടത്തല | 1723347 | 1723347 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല |
| കീഴ്മാട് | 13,99,446 | 13,99,446 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല |

| | | | |
|---|---|---|---|
| വാഴക്കുളം | 8,00,000 | 800000 | 9,97,676/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചു (SCP ഫണ്ട് 310000/-രൂപ അനുവദിച്ചതിന്റേത് ഉൾപ്പെടെ) |
| വെങ്ങോല | 30,00,000 | 30,00,000 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല |
| കിഴക്കമ്പലം | ബ്ളോക്ക് പഞ്ചായത്തിൽ നിന്നും തുക നല്കിയതായി കാണുന്നില്ല. | 5,00,000* | വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല |

* അങ്കണവാടി നിർമ്മാണത്തിനായി നൽകിയ തുക തെറ്റായി രേഖപ്പെടുത്തിയതാണെന്ന് അറിയിച്ചു. ആയതിനാൽ തുക ഏതിനത്തിനാണ് ലഭിച്ചതെന്ന് രേഖകൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

2)പ്രോജക്ട് നം , വർഷം : 4/2019-2020

അടങ്കൽ തുക : 4610000/- വി .ഫ. (SCP)

ചെലവ് തുക : 4605520/- വി .ഫ. (SCP)

| ഗ്രാമപഞ്ചായത്ത് | തുക നല്കിയത് | 2019-2020 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ച തുക | വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം |
|---|---|---|---|
| ചൂർണ്ണിക്കര | 5,00,000 | 5,00,000 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല |
| എടത്തല | 4,00,000 | 4,00,000 | “ |
| വാഴക്കുളം | 3,10,000 | 3,10,000 | വ്യക്തമായ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| വെങ്ങോല | 26,71,250 | 26,71,250 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല |
| കിഴക്കമ്പലം | 5,00,000 | 5,00,000 | “വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല |

3)പ്രോജക്ട് നം ,വർഷം : 5/2019-2020

അടങ്കൽ തുക : 240000/- വി .ഫ. (TSP)

ചെലവ് തുക : 240000/- വി .ഫ. (TSP)

.

| ഗ്രാമപഞ്ചായത്ത് | തുക നല്കിയത് | 2019-2020 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ച തുക | വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം |
|---|---|---|---|
| കിഴക്കമ്പലം | 2,40,000- | 240000 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല |

മേൽ പറഞ്ഞ പ്രവർത്തികൾക്കായി നൽകിയ തുകകളുടെ ധന വിനിയോഗസാക്ഷ്യപത്രം ലഭ്യക്കേണ്ടതാണ്.

## 1-18 കെൽട്രോണിന് തുക നൽകിയെങ്കിലും പ്രിന്റർ ലഭിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിലെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഉപയോഗത്തിന് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 2019-20 ൽ പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കെൽട്രോണിന് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് തുക നൽകിയെങ്കിലും രണ്ട് പ്രിന്ററുകൾ കെൽട്രോൺ വിതരണം ചെയ്തിട്ടില്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S0053/20 |

| | |
|---|---|
| പ്രോജക്ട് | കൈമാറികിട്ടിയ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 500000 /- (500000 /-റോഡിതരം-മെയ്ന്റനൻസ് ഫണ്ട് ) |
| ചെലവ് | 4,93,284 /- (റോഡിതരം –മെയ്ന്റനൻസ് ഫണ്ട് ) |
| ട്രഷറി ബിൽ നം | 1)141/10.12.2019 – 343482/- 2)255/11.03.2020-149802 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ട്രഷറി ബിൽ നം 141 പ്രകാരം തുക നൽകിയ എല്ലാ ഉപകരണങ്ങളും വിതരണം ചെയ്തെങ്കിലും ട്രഷറി ബിൽ നം.255 പ്രകാരം തുക നൽകിയ രണ്ട് പ്രിന്ററുകൾ വിതരണം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.17/24.02.22) 25.02.2022ലെ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്. കെൽട്രോണിന്റെ ഇൻവോയ്സിന്റെ വിശദ വിവരം താഴെ ചേർക്കുന്നു

| ഇൻവോയ്സ് നം | തുക നൽകിയ ഇനങ്ങൾ | നൽകിയ തുക | എണ്ണം | ലഭിച്ച എണ്ണം |
|---|---|---|---|---|
| TVM/ITBG/PI/RC /1605/19-20, 25.02.2020 | സ്കാനർ | 99095 | 5 | 5 |
| | പ്രിന്റർ | 20180 | 2 | - |
| | ഡെസ്ക് ടോപ്പ് | 30527 | 1 | 1 |

പ്രിന്റർ ലഭിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സി.പി. ആർ.സി. എസിൽ നിന്ന് പ്രിന്റർ ലഭിക്കാതിരുന്നതിനാൽ പ്രിന്ററിനുള്ള ഓർഡർ പിന്നീട് റദ്ദ് ചെയ്തു എന്ന് അറിയിച്ചു. തുക കെൽട്രോണിൽ നിന്ന് ലഭിക്കുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പ്രിന്ററിന്റെ തുക തിരികെ ലഭിക്കുന്നതുവരെ 20180/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 തോട് പുനരുദ്ധാരണം - പാതി വഴിയിൽ ഉപേക്ഷിച്ചു.

ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച് തോട് പുനരുദ്ധാരണ പ്രവൃത്തി സാങ്കേതിക കാരണങ്ങളാൽ നിർത്തി വെച്ചിട്ടുള്ളതായി കാണുന്നു. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S0129/20 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | കുന്നത്തേരിത്താഴം കാറ്റേപ്പാടം തോട് പുനരുദ്ധാരണം |
| എസ്റ്റിമേറ്റ് തുക | 448443/- |
| ഫണ്ടിനം | പൊതുവിഭാഗം |
| അംഗീകാരം | 96/AEE/LSGD/VBP/VZKM/18-19 /2.7.2018 |
| എം ബുക്ക് നം | 458/18-19 |
| ചെലവ് | 41135/- |
| കരാറുകാരൻ | കമറുദ്ദീൻ കെ എം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി:എഞ്ചിനീയർ |

എടത്തല ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ കുന്നത്തേരിത്താഴം കാറ്റേപ്പാടം തോടിന്റെ 1810 മീറ്റർ പുനരുദ്ധാരണം നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ടെണ്ടർ നം 593075 ന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി 16.11.2018 ലെ തീരുമാനം നം 4(1) പ്രകാരം കരാറുകാരനെ തെരഞ്ഞെടുക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തു. എം ബുക്ക് പേജ് നം (1) രേഖപ്പെടുത്തൽ പ്രകാരം 85 മീറ്റർ ആണ് തോട് പുനരുദ്ധാരണം നടത്തിയിട്ടുള്ളത്. തുടർന്നുള്ള ഭാഗത്തിന്റെ പുനരുദ്ധാരണം നാട്ടുകാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ നിർത്തി വെച്ചതായാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്. പ്രവൃത്തി നാട്ടുകാർ തടഞ്ഞ വിവരം അസി:എഞ്ചിനീയർ 19.03.2019 ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ VBP96/2018-19 കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ പരിഹരിച്ച് പ്രൊജക്ട് നടപ്പാക്കുന്നതിനായി അസി :എഞ്ചിനീയറെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി 25.03.2019 ൽ 1(3) നം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തോടിന്റെ അതിർത്തി അളന്ന് തിരിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് അസി:എഞ്ചിനീയർ 4.5.2019 VBP96/2018-19 പ്രകാരം വില്ലേജ് ഓഫീസർ, ചൂർണ്ണിക്കരക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് താഴെ

പറയുന്ന വിവരങ്ങൾ/വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 23.2.2022 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 6) മറുപടി ലഭ്യമാക്കിയില്ല.

1.കുന്നത്തേരിത്താഴം കാറ്റേപ്പാടം തോടിന്റെ ആസ്തി രജിസ്റ്റർ രേഖപ്പെടുത്തലിന്റെ വിശദ വിവരം ലഭ്യമാക്കേണ്ടതാണ്. പേജ് നം , നീളം, വീതി മുതലായവ, ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ഉൾപ്പെടെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

2.പ്രൊജക്ട് സൈറ്റ് സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുള്ളതായി കാണുന്നില്ല. വിശദ വിവരങ്ങൾ പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ കാരണം വ്യക്തമാക്കിയില്ല.

3.വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയതിനു ശേഷം ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരവും ലഭ്യമാക്കിയില്ല.

4.ആകെ നീളത്തിന്റെ പത്തിലൊന്നു പോലും പുനരുദ്ധാരണം നടത്താൻ സാധിച്ചിട്ടില്ല. നീരൊഴുക്ക് സുഗമമാക്കുന്നതിന് നടത്തിയ പ്രവൃത്തിക്ക് ചെറിയ അളവിൽ ചെയ്ത പ്രവൃത്തി നിഷ്ഫലമാകാനാണ് സാധ്യത. സാങ്കേതിക വിഭാഗം ഇക്കാര്യം സംബന്ധിച്ച് തുടർ പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

5.പ്രൊജക്ടിന്റെ തുക ട്രഷറിയിൽ നിന്ന് പിൻവലിച്ചതിന്റെ വിവരം ട്രഷറി ബിൽ ബുക്കിൽ നിന്ന് വ്യക്തമല്ല. തുക അനുവദിച്ചതിന്റെ രേഖകളൊന്നും ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

തോടിന്റെ അതിർത്തി അളന്ന് തിരിക്കുന്നതിനുള്ള വില്ലേജ് ഓഫീസിൽ നിന്നുള്ള നടപടികളുടെ വിവരങ്ങൾ അന്വേഷിക്കുകയും തോട് പുനരുദ്ധാരണത്തിന്റെ സാധ്യതകൾ പരിശോധിച്ച് പ്രൊജക്ട് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുക അനുവദിച്ചതിന്റെ ആധികാരികത തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കൽ - നടപടി ക്രമം പൂർണ്ണമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019 /ഫിൻ പ്രകാരം ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin/PLA//EMP /1014/(A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾക്ക് 2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ(അച്ചടി) നം. 87/2017/തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെടുവിച്ച ജി.ഒ(ആർ.ടി)നം. 2532/2018/തസ്വഭവ ഉത്തരവിൽ ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

മരാമത്ത് പ്രവൃത്തിയുടെ ഫയലുകൾ പരിശോധിച്ചപ്പോൾ 2019-20 സാമ്പത്തിക വർഷങ്ങളിൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും മേൽ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനിയർ വാങ്ങി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി. കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-21 ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ നടപ്പിലാക്കിയ പകൽ വീട് പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 12/20(അടങ്കൽ – 1081520/- ; ചെലവ്- 983461/-),<br>SO123/20(അടങ്കൽ- 253794/- ; ചെലവ്- 253794/-)<br>പകൽവീട് അന്തേവാസികൾക്ക്/വയോജനങ്ങൾക്ക് സൗജന്യ ഭക്ഷണ വിതരണം |
| നിർവഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്പമെന്റ് പ്രോജക്ട് ഓഫീസർ |
| ചെലവ് ബിൽ- SO123/20 | 1/19-20 തീ.15-5-19-93076/-<br>8/19-20 തീ.10-10-19-89670/-<br>10/19-20 തീ.14-11-19-71048/- |

| | |
|---|---|
| ചെലവ് ബിൽ-12/20 | 3/19-20 തീ.21-5-19-104462/-<br>4/19-20 തീ.20-6-19-95060/-<br>5/19-20 തീ.15-7-19-106206/-<br>6/19-20 തീ.19-8-19-107620/-<br>7/19-20 തീ. 20-9-19-9842/-<br>11/19-20 തീ.14-11-19-28938/-<br>12/19-20 തീ.12-12-19-105710/-<br>14/19-20 തീ.15-1-20-103705/-<br>15/19-20 തീ.19-2-20-103400/-<br>16/19-20 തീ.19-2-20 -5500/-<br>17/19-20 തീ.30-23-20 -98059/-<br>18/19-20 തീ.31-3-20 -26369/- |

1. പകൽവീട് അന്തേവാസികൾക്ക്/വയോജനങ്ങൾക്ക് സൗജന്യ ഭക്ഷണ വിതരണത്തിനായി മുൻ വർഷത്തെ ചെലവ് അനവദിക്കുന്നതിനായി പ്രോജക്റ്റ് നം SO123/20 എന്ന സ്പിൽ ഓവർ പ്രോജക്റ്റിനും തൻവർഷ ചെലവിനായി പ്രോജക്റ്റ് നം 12/20 എന്ന പ്രോജക്റ്റിനും ആണ് അംഗീകാരം ലഭിച്ചിരുന്നത്. മുൻവർഷം മാർച്ച് മാസത്തെ ചെലവായ 93076/- രൂപയാണ് സ്പിൽ ഓവർ പ്രോജക്റ്റിൽ നിന്ന് ചെലവഴിക്കേണ്ടിയിരുന്നത് എങ്കിലും തൻവർഷത്തെ സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിലെ ചെലവുതുകകളായ 89670/- രൂപയും 71048/-രൂപയും കൂടി ആകെ 160718/- അധികമായി ചെലവഴിച്ചതായി കാണുന്നു. ഈ ചെലവ് തൻവർഷത്തെ ചെലവായി പ്രോജക്റ്റ് നം 12/20 ൽ നിന്ന് ചെലവ് രേഖപ്പെടുത്തേണ്ടതായിരുന്നു. ഇത്തരത്തിൽ ഈ തുക കൂടി ഉൾപ്പെടുത്തിയാൽ പ്രോജക്റ്റ് നം 12/20 ൽ നിന്നുള്ള ഫെബ്രുവരി മാസം വരെയുള്ള ആകെ ചെലവ് തുക (983461+160718=1144242/-) അടങ്കൽ തുകയേക്കാൾ അധികരിക്കുന്ന വിധത്തിലാണ് ചെലവ് ചെയ്തിട്ടുള്ളത് . കൂടാതെ തൻവർഷത്തെ മാർച്ച് മാസത്തെ ചെലവുകൂടി രേഖപ്പെടുത്തുമ്പോൾ അടങ്കൽ തുകയേക്കാൾ വളരെയധികം തുക പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചതായി കാണുന്നു. പദ്ധതി ഭേദഗതി വരുത്തി അംഗീകാരം നേടാതെ അടങ്കൽ തുകയേക്കാൾ അധികരിച്ച് തുക ചെലവ് ചെയ്തതിന് വിശദീകരണം തേടി എൻക്വയറി നൽകിയതിന് തൻവർഷം 12 ലക്ഷത്തോളമാണ് പദ്ധതിക്കായി ചെലവ് പ്രതീക്ഷിച്ചിരുന്നത് എന്നും സ്പിൽ ഓവർ പ്രോജക്റ്റിൽ ബാലൻസായി 160718/- ഉണ്ടായിരുന്നതിനാലാണ് തൻവർഷം 12 ലക്ഷത്തിന്റെ പദ്ധതി വയ്ക്കാതിരുന്നത് എന്നുമുള്ള മറുപടി തൃപ്തികരമല്ല. പകൽ വീട് പോലുള്ള എല്ലാവർഷവും നടപ്പാക്കുന്ന പദ്ധതികളിൽ ചെലവുചെയ്യാൻ ബാക്കിനിൽക്കുന്ന മുൻവർഷത്തെ തുകമാത്രം സ്പിൽ ഓവർ പ്രോജക്റ്റിൽ നിന്ന് മാറേണ്ടതും തൻവർഷത്തെ എല്ലാചെലവും തൻവർഷത്തെ ചെലവ് കണക്കിൽ രേഖപ്പെടുത്തേണ്ടതും ചെലവ് അധികരിക്കുന്ന പക്ഷം പദ്ധതി ഭേദഗതി വരുത്തി അംഗീകാരം നേടിയതിനുശേഷം മാത്രം ചെലവു ചെയ്യേണ്ടതുമാണ്.

2. പകൽ വീട് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ ചേർത്ത അപാകതകൾ കാണുന്നു.

1). ഗുണഭേക്താക്കളുടെ അപേക്ഷ, ആധാർകാർഡ്, റേഷൻകാർഡ് എന്നിവയുടെ പകർപ്പ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അഡ്മിഷൻ ഭരണസമിതി അംഗീകരിച്ചതായി കാണുന്നില്ല. ഹാജരാക്കിയ അഡ്മിഷൻ രജിസ്റ്ററിൽ അഡ്മിഷൻ എടുത്ത ക്രമത്തിൽ രേഖപ്പെടുത്തുകയോ ആവശ്യമായ എല്ലാ വിവരങ്ങൾ ചേർക്കുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികപ്പെടുത്തുകയോ ചെയ്തിട്ടില്ല. അഡ്മിഷൻ ലഭിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. അഡ്മിഷൻ രജിസ്റ്റർ കൃത്യമാക്കുന്നതിന് സമയം അനവദിക്കണം എന്ന് മറുപടിയിൽ ആവശ്യപ്പെട്ടു.

2). ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപെടുത്തുന്നതിന് ഭരണസമിതി അംഗീകരിച്ച ലിസ്റ്റ് ഹാജരാക്കിയില്ല. ഹാജർ ബുക്കുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആധികാരികമാക്കിയിട്ടില്ല. ഭാവിയിൽ ഈ അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു.

3).പകൽവീട് അന്തേവാസികൾക്ക് ഭക്ഷണവിതരണത്തിന് 7ലക്ഷത്തിലധികവും ഇവരെ പകൽവീട്ടിൽ എത്തിക്കുന്നതിന് വാഹന ചെലവ് 3 ലക്ഷത്തോളവും ചെലവ് വരുന്നുണ്ട് എങ്കിലും കരാർ ഏൽപ്പിക്കുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഈ പ്രവൃത്തികൾക്കായി പ്രത്യേകം ക്വട്ടേഷൻ സ്വീകരിച്ച് കരാറുകാരെ ഏൽപ്പിച്ചതായി കാണുന്നു എങ്കിലും ഭരണസമിതി അംഗീകരിച്ചതായോ കരാറിൽ എർപ്പെട്ടതായോ കാണുന്നില്ല. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ നിലവിലെ അവസ്ഥ തുടരുന്നതിന് കമ്മിറ്റി തീരുമാനം എടുത്തതിനാലാണ് ടെണ്ടർ സ്വീകരിക്കാതിരുന്നത് എന്ന മറുപടി തൃപ്തികരമല്ല. പെരുമാറ്റച്ചട്ടം അവസാനിച്ചതിനുശേഷവും നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

4).പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വർഷങ്ങളിൽ വാങ്ങിയ സാമഗ്രികളുടെ വിവരങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തി സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ രീതിയിലല്ല എഴുതി സൂക്ഷിച്ചിരിക്കുന്നത്. കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി തൻവർഷം വാങ്ങിയ സാമഗ്രികളുടെ ഇൻവോയ്സ്, തീയതി, വില, അളവ് തുടങ്ങിയ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

5). പകൽവീട് പരിസരം വൃത്തിയാക്കുന്നതിന് കൂലിയിനത്തിൽ തൻവർഷം തുക ചെലവഴിച്ചതായി കാണുന്നു. ഗുണഭോക്താക്കളിൽനിന്ന് തന്നെ ശാരീരിക ബുദ്ധിമുട്ടുകൾ ഇല്ലാത്ത എല്ലാവരേയും സന്നദ്ധപരമായി പങ്കെടുപ്പിച്ചോ,

എൻ എസ് എസ് പോലുള്ള മറ്റ് സന്നദ്ധ സംഘടനകളുടെ സഹായത്തോടെയോ ഇത്തരം പ്രവൃത്തികൾ സാധ്യമല്ലേ എന്ന് പരിശോധിക്കാവുന്നതാണ് എന്ന നിർദ്ദേശത്തിന് ഇനി മുതൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ മേൽപ്രവൃത്തി ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു.

24-2-2022 ലെ ഓഡിറ്റ് എൻക്വയറി 9ന് നൽകിയ മറുപടി പരിഗണിച്ച ശേഷമുള്ള മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും എടുത്ത തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-22 SCകോളനി കുടിവെള്ള പദ്ധതി - ഫണ്ട് വിനിയോഗത്തിൽ അവ്യക്തത

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എക്സി.എഞ്ചിനീയർ

പ്രോജക്ട് നം ,വർഷം : 119/2019-2020

അടങ്കൽ തുക : 293506/- വി .ഫ. (SCP)

ചെലവ് തുക : 258687/- വി .ഫ. (SCP)

ബിൽ നം തുക : (1) 8/5.4. 2019, തുക : 258687/- വി .ഫ. (SCP)

വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിലുള്ള വെങ്ങോല ഗ്രാമപഞ്ചായത്തിലെ മേളയ്ക്കപ്പടി/മനയ്ക്കപ്പടി എസ്.സി.കോളനി കുടിവെള്ള പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഫണ്ട് വിനിയോഗത്തിലും പദ്ധതിയുടെ പൂർത്തീകരണ കാലാവധി സംബന്ധിച്ചും അവ്യക്തതയുണ്ട്. 2015-16 വർഷം ആരംഭിച്ച പദ്ധതിയായാണ് ഫയലിൽ കാണുന്നത്. 4 വർഷം മുമ്പ് ആരംഭിച്ച കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടത് സംബന്ധിച്ചോ ഫൈൻ ഈടാക്കിയത് സംബന്ധിച്ചോ ഫയലിൽ വ്യക്തതയില്ല.
കൂടാതെ ഈ പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെട്ടിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തലുകൾ ഉണ്ട്. എന്നാൽ വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പ്രോജക്ട് എന്ന നിലയിലല്ല അംഗീകാരം തേടിയിട്ടുള്ളത്. ആയതിനാൽ മുൻവർഷങ്ങളിൽ ഈ പദ്ധതി ജില്ലാ/ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കിയിട്ടുണ്ടോ എന്നും അല്ലെങ്കിൽ ജില്ല/ഗ്രാമപഞ്ചായത്ത് വിഹിതം ഉൾപ്പെട്ടിട്ടുണ്ടോ എന്നും അന്വേഷണം നടത്തി അറിയിക്കേണ്ടതാണ്.
കൂടാതെ ഈ പ്രോജക്ടിനായി ആകെ ചെലവഴിച്ച തുക (വർഷം തിരിച്ച്), പ്രവർത്തി പൂർത്തീകരിച്ചതിന്റെ/ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ അതായത് ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
ടി പ്രവൃത്തിയുടെ ഫണ്ട് വിനിയോഗം സംബന്ധിച്ചും കുടിവെള്ള പദ്ധതി ദീർഘനാൾ കാലതാമസം നേരിട്ടതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ചും അന്വേഷണം നടത്തി അറിയിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.
(ഇതു സംബന്ധിച്ച് 25.02.2022 ൽ 19-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല).

## 1-23 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ 2019-20 വർഷം നടപ്പിലാക്കിയ “കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ ദൈനം ദിന ചെലവുകൾ” എന്ന പദ്ധതിയുടെ (പ്രോജക്ട് നം-144/ 2021) ഭാഗമായി മെയിന്റനൻസ് (റോഡിതരം) ഫണ്ടിൽ നിന്ന് 20000/- രൂപ ചെലവായിട്ടുണ്ട്.

1. പദ്ധതി മാർഗ്ഗരേഖ(അടങ്കൽ 20000/-) (സ.ഉ.(കൈ)നം.22/ത.സ്വ.ഭ.വ. തീയതി 14.02.2018) ഖണ്ഡിക 8.8 പ്രകാരം സാമ്പത്തിക വർഷാരംഭം തന്നെ സ്ഥാപന മേധാവികൾ കണ്ടിജൻസി ചെലവുകളുടെ പട്ടിക തയ്യാറാക്കി സെക്രട്ടറിക്ക് നൽകേണ്ടതും സെക്രട്ടറിയുടെ ഉത്തരവിലൂടെ തുക അനുവദിച്ച് അനുയോജ്യമായ ഫണ്ടുകളിൽ നിന്നും പദ്ധതിക്കായി തുക കണ്ടെത്തി നടപ്പിലാക്കാവുന്നതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. വരും വർഷങ്ങളിൽ നടപടിക്രമങ്ങൾ പാലിക്കുന്നതാണ് എന്നറിയിച്ചു.

2.മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ദൈനംദിന ചെലവുകൾ കൂടാതെ പ്രിന്റർ, കംപ്യൂട്ടർ ടേബിൾ മുതലായ ആസ്തി ആർജിക്കുന്ന സാധനസാമഗ്രികൾ കൂടി വാങ്ങിയതായി കാണുന്നു. പ്രവർത്തനക്ഷമമായ ഒരു പ്രിന്റർ മാത്രമാണ് ഉണ്ടായിരുന്നത് എന്നതിനാൽ പദ്ധതി നടത്തിപ്പിന് തടസ്സം വരാതിരിക്കുന്നതിനാണ് പ്രിന്റർ വാങ്ങിയത് എന്നാണ് മറുപടിയിൽ അറിയിച്ചത്. ദൈനം ദിന ചെലവുകൾക്കുള്ള പദ്ധതിയിൽ ആസ്തി ആർജിക്കുന്ന സാധനസാമഗ്രികൾ വാങ്ങുന്നതിന് ഉപയോഗിക്കാതെ അതിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ രീതിയിൽ ഇൻഡക്സ് ചേർത്ത് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഉപയോഗശൂന്യമായ സാധനസാമഗ്രികൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3.ഐടി വകുപ്പിന്റെ സർക്കുലർ നം ഐടി സെൽ1/26/2019 തീ 18-3-19 പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും

കേരള സർക്കാറിന്റെ ഓൺലൈൻ പോർട്ടലിൽ (സി.പി.ആർ.സി.എസ്.) നിന്ന് വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുള്ളതാണ്. ലോഗോൺ സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്ന് പ്രിന്റർ നേരിട്ട് വാങ്ങിയതായാണ് കാണുന്നത്. നിർദ്ദേശങ്ങൾ പാലിക്കാതെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയതിന് മേൽ നിബന്ധന അറിയാതിരുന്നതുകൊണ്ടാണ് നേരിട്ട് വാങ്ങിയത് എന്ന മറുപടി തൃപ്തികരമല്ല. ഭാവിയിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

24-2-2022 ലെ ഓഡിറ്റ് എൻക്വയറി 14ന് നൽകിയ മറുപടി പരിഗണിച്ച ശേഷമുള്ള മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുമായി കൈക്കൊണ്ട തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 22.2.2020 | |

.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വെങ്ങോല ഗ്രാമ പഞ്ചായത്ത് | 415000 | - | PMAY ഭവനപദ്ധതി | -- | 415000 |
| ജില്ലാ പഞ്ചായത്ത് | 8000 | - | PMAY ഭവനപദ്ധതി | - | 8000 |
| ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് | | 201300 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 201300 | |
| കീഴ്മാട് ഗ്രാമ പഞ്ചായത്ത് | | 275625 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 275625 | |
| എടത്തല ഗ്രാമ പഞ്ചായത്ത് | | 347500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 347500 | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | കുഴിക്കാട്ടുമാലിൽ എസ്.സി.കോളനി ഇലക്ട്രിഫിക്കേഷൻ | 3/5.4.2019 | 491222 | 491222 | - |
| ANERT | വിവിധ ST കോളനി കളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ | 1)280/20.3.2020<br>2)276/20.3.2020 | 77000 | 71000 | 6000 |
| Alternate Energy Corporation | വിവിധ ST കോളനി കളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ(SO) | 71/5.9.2019 | 558493 | 558493 | - |
| ANERT | വിവിധ SC കോളനി കളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ | 2) 276/20.3.2020 | 49000 | 49000 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2019-20 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് ₹ | 51134860 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് ₹ | 48786752 |
| വരവിനങ്ങളിലുള്ള നഷ്ടം ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ₹ | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ₹ | 12,47,593 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

തടസ്സപ്പെടുത്തുന്ന തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 3)853/-<br>4)3000/- | ഡോ.അനിതാ ഷേണായി, മെഡിക്കൽ ഓഫീസർ, വെങ്ങോല |
| 1-15 | 1111560/- | അലക്സാണ്ടർ ടി., സെക്രട്ടറി |

| | | |
|---|---|---|
| 1-16 | 112000/- | ,, ,, |
| 1-18 | 20180/- | പ്രസാദ് എസ്., സെക്രട്ടറി |
| ആകെ | 1247593/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| സ്ഥാപനത്തിന്റെ പേര് | ഖണ്ഡിക നം. | തുക |
|---|---|---|
| ആദായനികുതി വകുപ്പ് | 1-11(1) | 1737 |
| ,, | 1-12(2) | 2119 |
| ആകെ | | 3856 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രസാദ് എസ്സ് സെക്രട്ടറി | സെക്രട്ടറി അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് | വിളയിൽ പുത്തൻവീട് കോണത്തുർ പൂയപ്പിള്ളി പി.ഒ. കൊല്ലം ജില്ല |
| അലക്സാണ്ടർ ടി സെക്രട്ടറി | | ബസിലിയ ചൊവ്വല്ലർ എഴുകോൺ കൊല്ലം |
| ഡോ. അനിതാ ഷേണായി മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി.വെങ്ങോല | വില്ല നം. 5 വാനില ഗ്രോവ് കോലഞ്ചേരി പി.ഒ. പിൻ 682311 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2001-02 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി)1600/19 തീ.05.08.19 |
| 2003-04 | ,, ,, |
| 2009-10 | ,, ,, |
| 2010-11 | ,, ,, |
| 2015-16 | ,, ,, |
| 2016-17 | കെ.എസ്.എ ഇകെഎം(ബി.പി)2193/17,18.06.18 |
| 2017-18 | കെ.എസ്.എ ഇകെഎം(ബി.പി)281/19 Dt.11.07.19 |
| 2018-19 | കെ.എസ്.എ ഇകെഎം(ബി.പി)197/20 Dt.11.03.2020 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ അടിയന്തരമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്